⇨ *ബാക്കിയെല്ലാ മാധ്യമങ്ങളും 'കൊലപാതക'ത്തെ ആസ്വദിക്കുകയായിരുന്നു* ⇨

# വധശിക്ഷ വേണമെന്ന് ആർത്തുവിളിക്കുന്നവരോട്...

വധശിക്ഷ നിലവിലുള്ള രാജ്യങ്ങളിലേതിനേക്കാൾ കുറ്റകൃത്യങ്ങളുടെ നിരക്ക് കുറവാണ് ആ ശിക്ഷാരീതി നിലവിലില്ലാത്ത രാജ്യങ്ങളിലെന്ന് സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ കാണാം. ബലാത്സംഗക്കേസിലെ പ്രതികൾക്ക് വധശിക്ഷ നൽകി എന്നതുകൊണ്ട് ആരും സുരക്ഷിതരാകാൻ പോകുന്നില്ല.

**ആർ. നന്ദലാൽ**

**ഒന്ന്**

"കൊല്ലപ്പെട്ടത് യേശുവൊന്നുമല്ലല്ലോ; യൂദാസല്ലേ? ഇനിയും യൂദാസുമാർ കൊല്ലപ്പെടാനുണ്ട്."–കൊല ക്കേസ് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥന് പ്രതിയെ തിരിച്ചറിയാൻ സാധിച്ചെങ്കിലും അറസ്റ്റ് ചെയ്തില്ല. അതിന് കാരണമായി പറഞ്ഞിരിക്കുന്നതാണിത്. "അപൂർവങ്ങളിൽ അപൂർവമായ കേസുകളിൽ മാത്രമേ ഇന്ത്യയിൽ വധശിക്ഷ വിധിക്കൂ. തന്റേത് അങ്ങിനൊയൊരു കേസല്ലെന്നാണ് കോടതിയുടെ കണ്ടെത്തൽ" – ആദ്യം പറഞ്ഞ യൂദാസ് കൊല്ലപ്പെടുന്നതിന് മുൻപ് ചെയ്ത കൊലപാതകകുറ്റത്തിന് വധശിക്ഷ വാങ്ങിക്കൊടുക്കാൻ പറ്റാത്തതിൽ വിഷമിച്ച് വക്കീൽ വാദിയെ സാന്ത്വനപ്പെടുത്തുന്നതാണിത്.

2012 നവംബറിൽ പുറത്തിറങ്ങിയ തീവ്രം എന്ന മലയാളചിത്രത്തിലെ സംഭാഷണശകലങ്ങളാണിത് (കൃത്യം വരികളാണോ എന്നറിയില്ല. ഏതാണ്ടിതേ അർത്ഥം വരുന്ന വരികൾ തന്നെയാണ്.) 2012ൽ പുറത്തിറങ്ങിയ മറ്റേതൊരു സിനിമയേയും തോൽപിക്കുന്നതരത്തിൽ മഹാമോശവും പിന്തിരിപ്പനുമായ പ്രത്യയശാസ്ത്രമാണ് ഈ ചിത്രം മുന്നോട്ടുവെക്കുന്നത്. സാംസ്കാരികമായും സാമൂഹികമായും പുരോഗതിയുടെ പാതയിലുള്ള എല്ലാ രാജ്യങ്ങളും മാനവികതയ്ക്ക് നിരക്കാത്തത് എന്ന ഒറ്റക്കാരണം കൊണ്ടുതന്നെ ഉപേക്ഷിച്ചുകഴിഞ്ഞിട്ടുള്ള വധശിക്ഷ എന്ന ഭരണകൂടത്തിന്റെയും അതിന്റെ ആശയങ്ങളെ വെള്ളം ചേർക്കാതെ വിഴുങ്ങുന്ന ഒരു ശരാശരി പൊതുമനസ്സിന്റെയും 'അംഗീകാരത്തോടെയുള്ള കൊലപാതകത്തെ' മഹത്വവൽക്കരിക്കുന്ന ഈ ചിത്രത്തിന് 2012ലെ ഏറ്റവും പിന്തിരിപ്പനും മോശവുമായ ചിത്രത്തിനുള്ള അവാർഡ് നൽകേണ്ടതുതന്നെയായിരുന്നു.

**രണ്ട്**

'തീവ്രം' എന്ന ചിത്രം കണ്ട് രണ്ട് ദിവസം കഴിഞ്ഞ് – 2012 നവംബർ 21ന് – രാവിലെയാണ് അജ്മൽ കസബിനെ 'കൊല'ചെയ്ത വിവരം പുറത്തുവരുന്നത്. ആൾക്കൂട്ടം രാജ്യമെങ്ങും ആഹ്ലാദത്തിന്റെ പൂത്തിരികൾ കത്തിച്ചുകൊണ്ടിരുന്നു. പലയിടങ്ങളിലും മധുര പലഹാരവിതരണം പോലും നടക്കുകയുണ്ടായി. അജ്മൽ കസബിന്റെ ദയാഹർജി രാഷ്ട്രപതി തള്ളിയ വിവരം പോലും പരമരഹസ്യമായിരുന്നു. വിരലിലെ



ണ്ണാവുന്ന ആളുകൾ മാത്രമാണ് ഈ വിവരം അറിഞ്ഞിരുന്നത്. 'ദി ഹിന്ദു' പോലുള്ള അപൂർവം ഇന്ത്യൻ മാധ്യമങ്ങൾ മാത്രമാണ് ആ സമയത്ത് വധശിക്ഷയ്ക്കെതിരെ പേന ചലിപ്പിച്ചത്. ബാക്കിയെല്ലാ മാധ്യമങ്ങളും 'കൊലപാതക'ത്തെ ആസ്വദിക്കുകയായിരുന്നു. അതിൽ അങ്ങേയറ്റം ആനന്ദനൃത്തം ചവിട്ടുകയായിരുന്നു.

**മൂന്ന്**

കസബ് വധത്തെത്തുടർന്നുള്ള ഒരു ദിവസം, ഇപ്പോൾ പൂനെയിൽ വിദ്യാർത്ഥിയായിട്ടുള്ള എന്റെ ഒരു അയൽവാസി നാട്ടിൽ വന്നപ്പോൾ കാണാനിടയായി. അയാൾ രണ്ടാഴ്ചത്തെ അവധിയ്ക്ക് നാട്ടിലെത്തിയതായിരുന്നു. അയാൾ പൂനെയിലാണ് താമസം എന്നതുകൊണ്ടുതന്നെ ഞാൻ വിഷയം അജ്മൽ കസബിലേക്കെടുത്തിട്ടു. കസബിനെ തൂക്കിലേറ്റിയ ദിവസം രാവിലെ അയാൾ പതിവുപോലെ കോളേജിൽ പോയിരുന്നു. അന്നെന്തോ പരീക്ഷയുണ്ടായിരുന്നു. കോളേജിൽ നിന്നാണ് കസബിനെ കൊന്ന വിവരം അയാൾ അറിയുന്നത്. ഉടൻതന്നെ കുറേ ബൈക്കുകളും സംഘടിപ്പിച്ച് ഇവർ ആൺസുഹൃത്തുക്കളെല്ലാം ചേർന്ന് കോളേജിൽ നിന്ന് ക്ലാസ് കട്ട് ചെയ്ത് പൂനെ നഗരപ്രാന്തത്തിൽ മുസ്ലീങ്ങൾ അധിവസിക്കുന്ന മേഖലയിലേക്കെത്തുന്നു. ഒരു കൂട്ടുകാരന്റെ കാറിൽ ഉച്ചത്തിൽ ദേശഭക്തിഗാനം മുഴക്കിക്കൊണ്ടായിരുന്നത്രെ യാത്ര. വഴിയിൽ നിന്ന് ധാരാളം മധുരപലഹാരങ്ങൾ വാങ്ങുകയും ചെയ്തിരുന്നു. പ്രസ്തുതമേഖലയിലെത്തിയ യുവസംഘം ഉച്ചത്തിൽ മുഴങ്ങുന്ന പാട്ടിനൊപ്പം ആനന്ദനൃത്തം ചവിട്ടുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ദേശീയപതാകകൾ വീശുകയും ഉറക്കെയുറക്കെ വന്ദേമാതരവും മറ്റ് ദേശഭക്തിഗാനങ്ങളും ആലപിക്കുകയും ചെയ്തു.

കസബ് ചെയ്ത കുറ്റം രാജ്യത്തെ സംബന്ധിച്ച് ഒരു അതിവൈകാരികപ്രശ്നമായിരുന്നു. ഭരണകൂടം കസബ് ചെയ്ത അതേ കുറ്റം തന്നെ -കൊലപാതകം- കസബിനോടും ചെയ്തു. അതുപക്ഷെ രാജ്യത്തിന്റെ മൊത്തം ആഘോഷമായി മാറി.

**നാല്**

കഴിഞ്ഞവർഷം ഏറ്റവും ശ്രദ്ധേയമായ പ്രശ്നം ഡൽഹിയിലെ കൂട്ടബലാത്സംഗമായിരുന്നു. രാജ്യത്തെമ്പാടും ഡൽഹിസംഭവത്തിന് മുമ്പും ശേഷവുമായി ഒട്ടേറെ ബലാത്സംഗങ്ങൾ നടന്നിരുന്നു. ഓരോ ബലാത്സംഗവും വളരെ ക്രൂരവുമായിരുന്നു. അപ്പോഴൊന്നും അണപൊട്ടിയൊഴുകാത്ത ജനരോഷം-ഒരു പക്ഷെ യുവരോഷം-ഇന്ത്യയൊട്ടാകെ പടർന്നൊഴുകി. തീർച്ചയായും വളരെയധികം അംഗീകരിക്കപ്പെടേണ്ട ഒരു രോഷാഗ്നി തന്നെയായിരുന്നു അത്. ഇന്ത്യയിലെ പതിവ് ആൾക്കൂട്ടം പോലെ അതും നൈമിഷികം മാത്രമായിരുന്നു. അതേസമയം ആൾക്കൂട്ടം പിരിഞ്ഞുപോയെങ്കിലും അത് അവശേഷിപ്പിച്ച പ്രധാനമുറവിളി-"ബലാത്സംഗത്തിന് വധശിക്ഷ നൽകണം"-ഇന്നും രാജ്യത്ത് വളരെ വ്യാപകമായി മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണോ എന്നറിയില്ല, അതിനുശേഷം കുറച്ച് വിധികൾ ബലാത്സംഗക്കേസിൽ വധശിക്ഷ വിധിച്ചുകൊണ്ടുള്ളതു തന്നെയായിരുന്നു. ആര്യവധക്കേസിലെ വധശിക്ഷാവിധി കേരളത്തിലെ മാധ്യമങ്ങൾ ഒന്നാംപേജിൽ ഏറ്റവും വലിയ വെണ്ടക്കാത്തലക്കെട്ടോടുകൂടിയായിരുന്നു പ്രസിദ്ധീകരിച്ചത്. ഇവിടെ വധശിക്ഷയ്ക്കുള്ള സമ്മതനിർമാണത്തിനുള്ള ആരുടെയൊക്കെയോ ശ്രമങ്ങൾ വിജയത്തിന്റെ പാതയിലെത്തുകയായിരുന്നു.

തീവ്രവാദം, ബലാത്സംഗം തുടങ്ങിയ കുറ്റങ്ങളെല്ലാം വലിയ മാനങ്ങളുള്ളതും, രാഷ്ട്രീയസമീപനങ്ങളിലൂടെയും സമൂഹമനഃസാക്ഷിയുടെ പൊളിച്ചെഴുത്തിലൂടെയും മാത്രം മാറ്റാവുന്ന പ്രശ്നങ്ങളുമാണെന്നിരിക്കെ വധശിക്ഷ എന്ന 'ഇൻസ്റ്റന്റ്' പരിഹാരമാണ് വ്യാപകമായി നിർദ്ദേശിക്കപ്പെടുന്നത്. ഡൽഹി കൂട്ടബലാത്സംഗത്തെത്തുടർന്നും പ്രതികൾക്ക് വധശിക്ഷ നൽകുന്നതിനുള്ള

മുറവിളി ഉയരുന്നതും ഈ സാഹചര്യത്തിലാണ് വായിക്കപ്പെടേണ്ടത്. യഥാർത്ഥ പ്രശ്നത്തിന്റെ കാതലിലേക്ക് കടക്കാതെ പ്രസ്തുതപ്രശ്നത്തിൽ നിന്നുയരുന്ന അതിവൈകാരികതയുടെ സാധ്യതകളെ പെരുപ്പിച്ച് കാണിച്ചാണ് പൊതുമനഃസാക്ഷി പലപ്പോഴും പ്രതികരിക്കുന്നത് എന്നതാണ് വാസ്തവം. ഇത്തരം സംസ്കാരരാഹിത്യത്തിന്റേതായ ഒരു പ്രത്യയശാസ്ത്രം അടിച്ചേൽപിക്കുന്നതിനുള്ള കളമൊരുക്കുക എന്നതുമാത്രമാണ് മുകളിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നതുപോലുള്ള സിനിമകൾ പ്രത്യക്ഷമായും പരോക്ഷമായും നിർവഹിക്കുന്ന ദൗത്യം.

### ബലാത്സംഗം

ബലാത്സംഗം എന്നത് കൃത്യമായി സ്ത്രീയുടെ മേലെയുള്ള ആണധികാരത്തിന്റെ ഏറ്റവും ക്രൂരമായ പ്രയോഗങ്ങളിലൊന്നാണ് എന്ന കാര്യത്തിൽ സംശയമേയില്ല. സ്ത്രീ എന്തു ധരിക്കണം, എവിടെ പോകണം, ആരുടെ കൂടെ/എങ്ങിനെ നടക്കണം, ഏത് വഴികളിലൂടെ/ഏത് സമയത്ത് സഞ്ചരിക്കണം എന്നതിനെക്കുറിച്ചൊക്കെ പാട്രിയാർക്കിയുടെ മൂശയിൽ വാർക്കപ്പെട്ട ആൺമനസ്സുകൾക്ക് കൃത്യമായ മുൻധാരണകളുണ്ട്. ഈ മുൻധാരണകൾ മറനീക്കി പുറത്തുവരുന്നിടത്താണ് മോറൽ പോലീസിങ് ആരംഭിക്കുന്നത്. പലപ്പോഴും ബലാത്സംഗങ്ങൾ മോറൽ പോലീസിങിന്റെ പരമകാഷ്ഠയാണ്. പുരുഷന്മാർക്ക് തീർത്തും ബാധകമല്ലാത്തതും സ്ത്രീകൾക്ക് മാത്രം ബാധകമായതുമായ മാനം, സദാചാരം തുടങ്ങിയ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള ആൺകോയ്മാവ്യവസ്ഥയുടെ അടിസ്ഥാനമാപിനികൾ ഉപയോഗിച്ചാണ് സ്ത്രീകൾ എല്ലായിടത്തും വിലയിരുത്തപ്പെടുന്നത്. ആൺകോയ്മാവ്യവസ്ഥയുടെ മാമൂലുകളെ ഏതെങ്കിലും രീതിയിൽ ചോദ്യംചെയ്യുന്നു എന്നു തോന്നിപ്പിക്കുന്ന രീതിയിൽ സ്ത്രീയുടെ ഭാഗത്തു നിന്നുണ്ടാകുന്ന വളരെ ചെറിയ നീക്കംപോലും ഈ അളവുമാപിനികളിൽ വളരെ ഉയർന്ന റീഡിങ് കാണിക്കും. അതേസമയം മാനം, സദാചാരം തുടങ്ങിയവ എന്താണെന്ന് കൃത്യമായി നിർവചിക്കപ്പെട്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അതായത് തീർത്തും നിർവചിക്കപ്പെട്ടിട്ടില്ലാത്ത ചിലതിനെ ചുറ്റിപ്പറ്റിയാണ് ആൺകോയ്മാവ്യവസ്ഥ സ്ത്രീകൾ എന്തായിരിക്കണം എന്ന് നിർദ്ദേശിക്കുന്നത് എന്ന് സാരം. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ സ്ത്രീയുടെമേൽ പുരുഷന് എവിടെയായാലും എങ്ങനെയായാലും ഒരു അധീശബോധമുണ്ടെന്നുള്ള കാര്യത്തിൽ തന്നെയാണ് ഊന്നുന്നത്.

എല്ലാ മേഖലകളിലും സ്ത്രീകൾ പുതിയ ശക്തിയായി വളർന്നുവരുന്ന ഒരു സാഹചര്യം ഇന്നുണ്ട്. ആണധികാരത്തിന്റെ അധീശത്വത്തിൽ നിന്ന് സ്ത്രീയ്ക്ക് പുറത്തു കടക്കാവുന്ന അവസ്ഥയിലേക്ക് ഈ സാഹചര്യം കൊണ്ടെത്തിക്കുമോ എന്ന ഭയം ആൺസമൂഹത്തെ മുഴുവനായും വേട്ടയാടുന്നുണ്ട്. ഇതാണ് പല രൂപത്തിലും ഭാവത്തിലുമുള്ള ഹിംസയായി സ്ത്രീകളുടെ നേർക്ക് വരുന്നത്. കുടുംബത്തിനകത്തും തൊഴിലിടങ്ങളിലും മറ്റ് പൊതുഇടങ്ങളിലും എല്ലാം, കൂടിയതും കുറഞ്ഞതുമായ അളവിൽ ബലാത്സംഗമടക്കമുള്ള ഇത്തരം ഹിംസകൾ മറനീക്കി പുറത്തുവരുന്നുണ്ട്. പക്ഷെ ആണധികാരത്തിന്റെ അവകാശസ്ഥാപനത്തിനു വേണ്ടിയുള്ളതരം ഹിംസകളാകയാൽ അവ പൊതുവിൽ അംഗീകരിക്കപ്പെടുകയാണ് ചെയ്യുന്നത്.

അതുകൊണ്ടുതന്നെ സ്ത്രീകളുടെ മേലുള്ള ക്രൂരമായ കടന്നുകയറ്റമായിട്ടുപോലും ബലാത്സംഗങ്ങളെ 'മാനഭംഗ'മായാണ് ഇവിടത്തെ മാധ്യമങ്ങളും പൊതുസമൂഹവും എല്ലാം നോക്കികാണുന്നത്. ആണധികാരത്തിന്റെ അധീശപ്രത്യയശാസ്ത്രബോധം തന്നെയാണ് ഈ പുതിയ വാക്കിന്റെ നിർമിതിക്കു പിറകിലും പ്രവർത്തിച്ചിരിക്കുന്നത്. ദില്ലി പ്രക്ഷോഭങ്ങളുടെ ദിവസങ്ങളിലൊന്നിൽ (2012 ഡിസംബർ 23ന്) ദേശാഭിമാനി ദിനപ്പത്രത്തിന്റെ ഒന്നാം പേജിലെ വലിയ തലക്കെട്ട് 'മാനം കാക്കാൻ ഇന്ത്യ ഉണർന്നു' എന്നതായിരുന്നു. മറ്റു പത്രങ്ങളിലും വാർത്തകൾ 'മാന'ത്തെ ചുറ്റിപ്പറ്റിത്തന്നെയായിരുന്നു. അൽപം കൂടി കടന്ന് ഡൽഹിയിലെ പെൺകുട്ടി എങ്ങനെ ഇനി ഒരു നല്ല വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കും എന്നതിലേക്കും ചർച്ചകൾ വഴിമാറുന്നത് കണ്ടു.

### വധശിക്ഷയും ആൾക്കൂട്ടമനസ്സും

മുമ്പെങ്ങുമില്ലാത്ത വിധം വധശിക്ഷാ മുറവിളി ഉയർന്നുകൊണ്ടിരിക്കുന്ന നാടായി ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണ്. 2004ൽ അവസാനമായി നടപ്പിലാക്കിയശേഷം കുറേക്കാലമായി നടപ്പിലില്ലാതിരുന്ന വധശിക്ഷ അജ്മൽ കസബ് വധത്തോടെ വീണ്ടും നിലവിൽ വന്നിരിക്കുന്നു. ഇപ്പോഴിതാ കർണാടകത്തിൽ വധശിക്ഷ കാത്തുകഴിയുന്ന സൈബണ്ണയുടെ ദയാഹർജിയും പ്രസിഡ

ണ്ട് തള്ളിക്കഴിഞ്ഞു. ജനക്കൂട്ടത്തിന്റെ മുറവിളികൾക്ക് ചെവികൊടുക്കുന്നു എന്നു തോന്നിക്കുമാറ് ഭരണകൂടം ഈ പ്രാകൃത ശിക്ഷാവിധിയുമായി മുന്നോട്ട് പോവുകയാണ്. ഡൽഹി ബസിലെ കൂട്ടബലാത്സംഗത്തിനുശേഷം ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ കുറ്റവാളികളെ എങ്ങനെ ശിക്ഷിക്കണം എന്നതിനെക്കുറിച്ചുള്ള ചർച്ചകളാണ് ഇപ്പോൾ സജീവമായി നടക്കുന്നത്. സൗദി അറേബ്യയിലും മറ്റും ചെയ്യുന്നതുപോലെ പബ്ലിക്കായി തൂക്കിക്കൊല്ലണം എന്ന കാര്യത്തിൽ ഒട്ടുമിക്ക വ്യക്തികൾക്കും യോജിപ്പാണെന്ന് പോസ്റ്റുകളിൽ നിന്നും അതിന് അടിച്ച ലൈക്കുകളുടെ എണ്ണത്തിൽ നിന്നും വ്യക്തമാകുന്നു. അതും പോര, അവർ വേദനയറിഞ്ഞ് മരിക്കണമെന്നും അവരുടെ ലിംഗം ഛേദിക്കുകയാണ് വേണ്ടതെന്നും അ

അജ്മൽ കസബിനെ തൂക്കിലേറ്റിയതോടെ ഇന്ത്യയിൽ തീവ്രവാദം അവസാനിച്ചു എന്നു വിശ്വസിക്കുന്നതുപോലെ തന്നെ മരമണ്ടത്തരമാണ് കുറ്റവാളികളെ തൂക്കിക്കൊല്ലുന്നതോടെ ബലാത്സംഗം ഇല്ലാതാവും എന്നതും. ഓരോ ദിവസവും എത്രയേറെ ദളിത്-ആദിവാസി പെൺകുട്ടികളാണ് ഇന്ത്യയിൽ ക്രൂരമായ ബലാത്സംഗത്തിന് ഇരയാകുന്നതും കൊല്ലപ്പെടുന്നതും

ങ്ങിനെ രക്തം വാർന്ന് അവർ മരിക്കണമെന്നും വരെ വാദിക്കുന്നവരെയും നേരിട്ട് കാണാൻ സാധിച്ചു.

തീർച്ചയായും അവർ ശിക്ഷിക്കപ്പെടേണ്ടവർ തന്നെയാണ്. അതിൽ ആർക്കും തർക്കം ഉണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷെ ശിക്ഷ എന്താണ് എങ്ങിനെയാണ് വേണ്ടത് എന്നതാണ് ഇവിടത്തെ ചർച്ച. സൗദി അറേബ്യ പോലുള്ള രാജ്യങ്ങളിൽ എത്രയോ കാലമായി കഠിനമായ കുറ്റകൃത്യങ്ങൾ (കഠിനമാണെന്ന തോന്നലുളവാക്കിയാലും മതി) ചെയ്യുന്ന ആളുകളെ വധശിക്ഷയ്ക്ക് വിധേയരാക്കുന്നുണ്ട്. ഇപ്പോഴും അത് തുടരുന്നു. ചിലയിടങ്ങളിൽ പൊതുസ്ഥലത്ത് എല്ലാവരും നോക്കിനിൽക്കെയാണ് വധശിക്ഷ നടപ്പിലാക്കുന്നത്. വധശിക്ഷ ഇത്തരം കുറ്റകൃത്യങ്ങൾ തടയാൻ വളരെയേറെ ഫലപ്രദമാണെങ്കിൽ അവിടങ്ങളിൽ ആളുകൾ പിന്നീട് ഒരിക്കലും ഇത്തരം കുറ്റകൃത്യങ്ങൾക്ക് ഇറങ്ങിത്തിരിക്കരുതല്ലോ? പക്ഷെ, സൗദി അറേബ്യയിലും മറ്റും ഇന്നും ശിക്ഷ അതുപോലെ തുടരുന്നു. അതിനർത്ഥം വധശിക്ഷ കൊണ്ട് ഇത്തരം കുറ്റങ്ങളെ തടയാൻ കഴിയില്ല എന്നു തന്നെയാണ്.

ബലാത്സംഗക്കേസിന് വധശിക്ഷ കൊടുക്കാൻ തുടങ്ങിയാൽ മണിപ്പൂരിലും മറ്റും അതിർത്തി കാക്കുന്ന പട്ടാളക്കാരിൽ അധികമാരും ബാക്കിയുണ്ടാകാൻ സാധ്യതയില്ലല്ലോ? അതിന്റെ കാരണത്തെക്കുറിച്ച് മണിപ്പൂരിലെ ഓരോ മൺതരിയും സംസാരിക്കും. അക്കാരണം കൊണ്ടുതന്നെയാണ് ഇറോം ശർമിള ചാനു എന്ന ശക്തയായ സ്ത്രീ പത്തുവർഷമായി നിരാഹാരം തുടരുന്നതും. രാജ്യത്തിന്റെ മൊത്തം ശ്രദ്ധ ആവശ്യമായ, ഇനിയും ആവർത്തിക്കാവുന്ന, വളരെ പൊളിറ്റിക്കൽ ആയ ഒരു ഇഷ്യുവിനെ ഇങ്ങനെ വധശിക്ഷ കൊടുത്ത് പരിഹരിച്ചുകളയാം എന്ന ശുദ്ധഭോഷ്കിലേക്ക് ഒതുക്കുന്നതു തന്നെ ഒരു വൻ ഗൂഢാലോചനയുടെ ഭാഗമാണ്. അജ്മൽ കസബിനെ തൂക്കിലേറ്റിയതോടെ ഇന്ത്യയിൽ തീവ്രവാദം അവസാനിച്ചു എന്നു വിശ്വസിക്കുന്നതുപോലെ തന്നെ മരമണ്ടത്തരമാണ് കുറ്റവാളികളെ തൂക്കിക്കൊല്ലുന്നതോടെ ബലാത്സംഗം ഇല്ലാതാവും എന്നു കരുതുന്നതും. ഓരോ ദിവസവും എത്രയേറെ ദളിത്-ആദിവാസി പെൺകുട്ടികളാണ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രൂരമായ ബലാത്സംഗത്തിന് ഇരയാകുന്നതും തുടർന്ന് കൊല്ലപ്പെടുന്നതും. ഇത് പത്രങ്ങളിലൊന്നും വരാറേയില്ല; അഥവാ വന്നെങ്കിൽ തന്നെ ഉൾപ്പേജുകളിൽ എവിടെയെങ്കിലും ഒരു കോളത്തിൽ രണ്ടോ മൂന്നോ സെന്റീമീറ്റർ നീളം മാത്രമുള്ള ചെറുവാർത്തകൾ മാത്രമായി ഒതുങ്ങുകയാണ് ചെയ്യുന്നത്. അപ്പോഴൊന്നും ആർക്കും ഈ ധാർമികരോഷം കാണാറേയില്ല. ഇവിടത്തെ കോർപറേറ്റ് ഭീമന്മാരും അവർ നിയന്ത്രിക്കുന്ന മാധ്യമങ്ങളുമാണ് ഏതാണ് വാർത്തയാകേണ്ടത്, ആരാണ് ശിക്ഷിക്കപ്പെടേണ്ടത്, എങ്ങിനെയാണ് ശിക്ഷിക്കപ്പെടേണ്ടത് എന്നൊക്കെ തീരുമാനിക്കുന്നത്. സ്വയം ചിന്തിക്കാൻ ശേഷിയില്ലാത്തതുപോലെ അതേറ്റുവിളിക്കാൻ കുറേയാൾക്കാരും. ഈ പൊതുസമൂഹം പൊതുവിൽ വിചാരിക്കുന്നത് നമ്മുടെയൊക്കെ സംരക്ഷണത്തിനായി ഭരണകൂടം ശത്രുക്കൾക്കും കുറ്റവാളികൾക്കുമെതിരെ എപ്പോഴും തോക്കുചൂണ്ടിക്കൊണ്ടിരിക്കുകയാണ് എന്നാണ്. നാളെ ആ തോക്ക് നമ്മുടെ

*⇨ ഈയൊരു മൃദുഹിന്ദുത്വസമീപനം തന്നെയാണ് കാര്യങ്ങളുടെ മുന്നോട്ടുപോക്കിനെ നിയന്ത്രിക്കുന്നതും ⇨*

നേരെയും നീളാം എന്ന കാര്യം മറക്കരുത്.

പ്രതികാരം, പകവീട്ടൽ തുടങ്ങിയ പ്രാഥമിക വികാരങ്ങളിൽ നിന്ന് മാത്രം വരുന്ന പ്രതികരണമാണ് ഡൽഹിയിലും അജ്മൽ കസബ് വധത്തെത്തുടർന്നും കണ്ടത്. ശിക്ഷകൾ എന്തിനാണ് നൽകുന്നത് എന്നത് ഒരു പ്രധാനചിന്താവിഷയമാണ്. തെറ്റ് ചെയ്യുന്ന വ്യക്തിയെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനുള്ള, ഇനി അത് ആവർത്തിക്കാതിരിക്കുന്നതിനുള്ള ഒരു reformative ഉപാധിയായിരിക്കണം അത്. അങ്ങിനെ നോക്കുമ്പോൾ വധം എങ്ങിനെ ശിക്ഷയാകും? അത് പാഠമായി മാറുന്നത് ആർക്കായിരിക്കും? കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, ജീവനു ജീവൻ എന്നു പറയുന്ന പഴഞ്ചൻ രീതി മാറേണ്ടതുതന്നെയാണ്. സാംസ്കാരികമായി ഉന്നമനം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയ്ക്ക് വധശിക്ഷയെ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. അത് തീർത്തും ജനവിരുദ്ധവും അപലപനീയവുമായ ഒരു നടപടി തന്നെയാണ്. പ്രതികാരത്തിന്റെയും പകപോക്കലിന്റെയും ചിന്താഗതി മാറ്റിനിർത്തി ഒരോ കുറ്റവാളിയും നമ്മുടെ സഹജീവിയാണ് എന്ന മനോഭാവത്തോടെ കാണാൻ ശ്രമിക്കുക. ഒരു കുറ്റത്തിലേക്ക് ഒരാളെ നയിക്കുന്നത് എല്ലായ്പോഴും അയാളിലുള്ള ക്രിമിനൽ ചിന്താഗതി മാത്രമായിക്കൊള്ളണമെന്നില്ല. അത് മറ്റ് പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്ന ഒന്നാണ്. ഓരോ മനുഷ്യന്റെ ഉള്ളിലും ഒരു കുറ്റവാളി ഉറങ്ങിക്കിടക്കുന്നുണ്ടായിരിക്കാം.

ലോകമെമ്പാടും വധശിക്ഷയ്ക്കെതിരെ ഉയർന്നുവരുന്ന പ്രസ്ഥാനങ്ങളിൽ നിന്ന് നമുക്ക് ഒട്ടേറെ പഠിക്കാനുണ്ട്. ഇന്ത്യ, പാകിസ്ഥാൻ, ചൈന പോലുള്ള ചുരുക്കം ചില രാജ്യങ്ങളിൽ മാത്രമാണ് ഈ പിന്തിരിപ്പൻ ശിക്ഷാരീതി ഇപ്പോഴും നിലനിൽക്കുന്നത് എന്നുള്ളതും ഓർക്കുക. ലോകത്തിലെ ഒട്ടാകെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്ന ഒരു പ്രധാന വസ്തുത വധശിക്ഷ നിലവിലുള്ള രാജ്യങ്ങളിലേതിനേക്കാൾ കുറ്റകൃത്യങ്ങളുടെ നിരക്ക് എത്രയോ കുറവാണ് ആ ശിക്ഷാരീതി നിലവിലില്ലാത്ത രാജ്യങ്ങളിലേത് എന്നതാണ്. ഡൽഹി കൂട്ടബലാത്സംഗക്കേസിലെ പ്രതികൾ ശിക്ഷിക്കപ്പെടേണ്ടവരല്ല എന്ന് ഇവിടെ പറഞ്ഞതിനർത്ഥമില്ല. അവർ തീർച്ചയായും ശിക്ഷിക്കപ്പെടണം; കാലതമാസമില്ലാതെ. പക്ഷെ അത് വധശിക്ഷയാകുകയുമരുത്.

## ദയാഹർജിയും അനീതിയും

ഉചിതമായ പരിശോധന കൂടാതെയാണ് രാഷ്ട്രപതി കസബിന്റെ ദയാഹർജിയിൽ തീരുമാനമെടുത്തതെന്ന് മനുഷ്യാവകാശപ്രവർത്തകർ പറയുന്നു. രാഷ്ട്രപതി ദയാഹർജി തള്ളിയത് രഹസ്യമാക്കപ്പെട്ടു. ദയാഹർജി തള്ളിയത് കോടതിയിൽ ചോദ്യം ചെയ്യുന്നതടക്കമുള്ള സാധ്യമായ മറ്റ് പോംവഴികൾ തേടാനുള്ള അവസരം സർക്കാർ നീക്കത്തിന്റെ ഫലമായി നിഷേധിക്കപ്പെട്ടു.

ഡൽഹിയിലെ ആൾക്കൂട്ടം കൃത്യമായും ഇന്ത്യൻ ദേശീയതയെ ഉയർത്തിപ്പിടിക്കുന്ന ഉപരി-മധ്യവർഗത്തിൽപ്പെട്ടവരും അവരുടെ യുവതയുമാണ് എന്നത് നാമെല്ലാം കണ്ടതാണ്. രാജ്യമെമ്പാടും കത്തിപ്പടർന്ന പ്രതിഷേധത്തിൽ ഭാരതാംബയുടെ മാനം സംരക്ഷിക്കാൻ എല്ലാവരും ഒരുമിക്കേണ്ടതിന്റെ പ്രാധാന്യം ഓർമിപ്പിക്കപ്പെട്ടു. നാട്ടിലെങ്ങും അമ്മമാരുടെയും സഹോദരിമാരുടെയും ഭാരതാംബയുടെയും മാനം കാത്തുകൊള്ളാൻ ആഹ്വാനം ചെയ്യുന്ന ഫ്ളക്സ് ബോർഡുകളെക്കൊണ്ട് നിറഞ്ഞു. ഇത്തരം പ്രതിഷേധങ്ങൾ പലപ്പോഴും കൃത്യമായും ഉന്നതജാതികളിൽ നിന്നുവരുന്നവരുടെ പ്രതിഷേധമാണ്. തങ്ങളുടെ ഇടങ്ങൾ ദളിത്-ആദിവാസി-പിന്നോക്ക വിഭാഗങ്ങളിൽ നിന്ന് വരുന്ന മനുഷ്യരെക്കൊണ്ട് നിറയുന്നതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നതെന്ന അവരുടെ അടിയുറച്ച വിശ്വാസം തന്നെയാണ് അവരെ ഇത്തരം പ്രതിഷേധങ്ങളിൽ കൊണ്ടെത്തിക്കുന്നത്. കഴിഞ്ഞ കുറച്ചുകാലങ്ങളിലായി ഇന്ത്യയിൽ നടന്ന ചില പ്രധാനപ്രക്ഷോഭങ്ങളുടെ സ്വഭാവം ശ്രദ്ധിച്ചാൽ ഇക്കാര്യം കൃത്യമായി ബോധ്യപ്പെടുന്നതാണ്. രണ്ടാം മണ്ഡൽ വിരുദ്ധപ്രക്ഷോഭം, അണ്ണാ ഹസാരെയുടെ സമരം, ഇപ്പോൾ ഡൽഹിയിൽ നടന്ന പ്രക്ഷോഭം ഇവയെല്ലാം ആ പട്ടികയിൽ പെടുന്നവ തന്നെയാണ്. ഭാരതാംബ എന്ന വെള്ളസാരിയുടുത്ത സുന്ദരിയായ ഉപരിവർഗ-ഉന്നതജാതിയിൽപെട്ട സ്ത്രീയാണ് അപമാനിക്കപ്പെടുന്നത് എന്നതും അവിടെയാണ് ഇന്ത്യൻ ദേശീയതയ്ക്ക് മുറിവേൽക്കുന്നതെന്നുമുള്ള രീതിയിലുള്ള സമീപനം തന്നെ ഉന്നതജാതിചിന്തകളുടെ ഭാഗമായി ഉണ്ടാകുന്നതാണ്. ഈയൊരു മൃദുഹിന്ദുത്വ സമീപനം തന്നെയാണ് കാര്യങ്ങളുടെ മുന്നോട്ടുപോക്കിനെ നിയന്ത്രിക്കുന്നതും. കടുത്ത ശിക്ഷകളാണ് ഇവരുടെയെല്ലാം ആവശ്യം. കാരണം ഇന്ത്യയിൽ വധശിക്ഷ ഉൾപ്പെടെയുള്ള കഠിനമായ ശിക്ഷകൾ ഏറ്റുവാങ്ങേണ്ടിവന്നത് എന്നും കീഴ്ജാതിക്കാർക്ക് മാത്രമാണ്. സൂര്യനെല്ലിക്കേസ് അനന്തമായി നീണ്ടുപോകുന്നതിനും ആര്യകേസും സൗമ്യകേസും പോലുള്ളവ പെട്ടെന്ന് വിധിയാവുന്നതിനുമുള്ള കാരണങ്ങൾ അന്വേഷിക്കുമ്പോൾ നാം ചെന്നെത്തുന്നത് കുറ്റവാളികളിലെ മേലാള-കീഴാളവ്യത്യാസത്തിൽ തന്നെയായിരിക്കും. ■